21/12/21

20/12/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം-695 001

mail: sic.ker@nic.in

ഹർജി നമ്പർ **CP 561(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.13047/SIC-Gen4/2021**

സന്നിഹിതൻ

ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 ഡിസംബർ 20

ശ്രീമതി. അനുപമ എസ്. ചന്ദ്രൻ,
പണയിൽ വീട്,
ജി.എൻ.ആർ.എ ബി-40,
കവടിയാർ പി.ഒ.,
തിരുവനന്തപുരം. } പരാതി ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ചൈൽഡ് വെൽഫെയർ കമ്മിറ്റി,
പൂജപ്പുര, തിരുവനന്തപുരം-695 012.

2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള സംസ്ഥാന ശിശുക്ഷേമ സമിതി,
തൈയ്ക്കാട്, തിരുവനന്തപുരം-695 014

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 7.9.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 15.10.2021 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 16.10.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28.10.2021, 12.11.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 30.10.2021, 23.11.2021 |
| ഹിയറിംഗ് (വീഡിയോ/ഓഡിയോ) തീയതി | 17.12.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : പരാതി ഹർജിക്കാരി<br>എസ്.പി.ഐ.ഒ മാർ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീമതി. അനുപമ എസ്. ചന്ദ്രൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ 7.9.2021-ന് നേരിട്ടും 8.9.2021-ന് തപാൽ വഴിയും ഒന്നാം എതിർകക്ഷിയ്ക്ക് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് രണ്ടു മാസം കഴിഞ്ഞിട്ടും മറുപടി ലഭിച്ചില്ലെന്നും ആയതിനാൽ മറുപടി നൽകാത്തതിനാൽ നിയമപരമായി വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ

അവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട [illegible] ലഭ്യമാക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത്, താഴെ പറയുന്ന വിവരങ്ങളാണ് :

i. 22.10.2020, 23.10.2020 എന്നീ ദിവസങ്ങളിൽ ടി സ്ഥാപനത്തിൽ ആൺ കുഞ്ഞുങ്ങളെ ലഭിച്ചിരുന്നോ എന്നും എത്ര പേർ എന്നും

ii. കുട്ടിയെ കിട്ടിയ സമയം

iii. ഏത് സാഹചര്യത്തിലാണ് ആ കുഞ്ഞുങ്ങളെ ലഭിച്ചത് എന്നും

iv. ആ ദിവസങ്ങളിൽ കിട്ടിയ കുഞ്ഞുങ്ങൾ നിലവിൽ അവിടെ തന്നെ ഉണ്ടോ എന്നും അതോ ദത്തു പോയോ എന്നും

v. ദത്ത് പോയത് എങ്കിൽ ആര് ദത്ത് എടുത്തു, എവിടെയാണ് ദത്ത് പോയത് എന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുള്ളതായി കാണുന്നില്ല.

4. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷിയിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് 30.10.2021 തീയതി ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശിശുക്ഷേമ സമിതി എന്നാൽ തിരുവനന്തപുരത്ത് തൈയ്ക്കാട് പ്രവർത്തിക്കുന്ന Kerala State Council for Child Welfare എന്ന ഒരു സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി ആണെന്നും Child Welfare Committee എന്നത് ശിശുക്ഷേമ സമിതി അല്ലെന്നുമാണ്. തുടർന്ന് കമ്മീഷൻ രണ്ടാം എതിർകക്ഷിയായ കേരള സംസ്ഥാന ശിശുക്ഷേമ സമിതി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ട് 12.11.2021-ന് കത്ത് നൽകിയതിനെ തുടർന്ന് ലഭിച്ച മറുപടിയിൽ പ്രസ്താവിച്ചത്, കേരള സംസ്ഥാന ശിശുക്ഷേമ സമിതി വിവരാവകാശ നിയമം 2(എച്ച്) വകുപ്പു പ്രകാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന പൊതു അധികാര സ്ഥാപനമല്ലെന്ന് വിവരാവകാശ കമ്മീഷൻ ഹർജി നമ്പർ സി.പി. 1121(6)/2015/എസ്.ഐ.സി പ്രകാരം 6.12.2019-ലെ നടപടി ക്രമത്തിലൂടെ ഉത്തരവായിട്ടുണ്ടെന്നും മാത്രമല്ല അമ്മത്തൊട്ടിൽ മുഖേനയും മറ്റും സമിതിയിൽ ലഭിക്കുന്ന കുട്ടികളുടെ വിവരങ്ങളും ദത്ത് സംബന്ധിച്ച വിശദാംശങ്ങളും പരസ്യപ്പെടുത്തുന്നത് നിയമ പ്രകാരം അനുവദനീയമല്ലെന്നും 2017-ലെ അഡോപ്ഷൻ റെഗുലേഷൻസ്, സെക്ഷൻ 3(സി) പ്രകാരം അവ രഹസ്യാത്മക സ്വഭാവത്തോടെ സൂക്ഷിക്കേണ്ട വിവരങ്ങളാണെന്നും രഹസ്യാത്മക സ്വഭാവം മുൻനിർത്തിയുള്ള വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ പരിഗണിക്കാൻ സമിതിക്ക് നിർവ്വാഹമില്ലെന്നുമാണ്.

5. പരാതി ഹർജി, ബന്ധപ്പെട്ട രേഖകൾ, ഹിയറിംഗ് വേളയിൽ ഹർജിക്കാരി/പ്രതിനിധി, രണ്ടാം എതിർകക്ഷി എന്നിവർ ബോധിപ്പിച്ച വസ്തുതകൾ എന്നിവ പരിശോധിച്ചതിൽ കേരള സംസ്ഥാന ശിശുക്ഷേമസമിതി എന്ന സ്ഥാപനം ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ

ചെയ്ത് രൂപീകരിച്ചിട്ടുള്ള ഒരു ചാരിറ്റബിൾ സ്ഥാപനമാണെന്നും സർക്കാരിൽ നിന്നോ സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നോ യാതൊരുവിധ ധനസഹായമോ ഗ്രാന്റോ കൈപ്പറ്റാതെ ശിശുദിന സ്റ്റാമ്പിന്റെ വിതരണത്തിലുടെ ലഭിക്കുന്ന തുകയാണ് ടി സമിതിയുടെ പ്രധാന സാമ്പത്തിക സ്രോതസ്സെന്നും കാണുന്നു. കുടാതെ ഇക്കാര്യങ്ങൾ എല്ലാം പരിശോധിച്ചുകൊണ്ട് ടി സ്ഥാപനം വിവരാവകാശ നിയമത്തിന്റെ 2(എച്ച്) വകുപ്പു പ്രകാരമുള്ള പൊതു അധികാര സ്ഥാനമല്ലെന്ന സി.പി.1121(6)/2015/എസ്.ഐ.സി. നമ്പർ പരാതി ഹർജിയിന്മേൽ 6.12.2019-ന് അഞ്ച് കമ്മീഷണർമാർ ചേർന്ന് തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. കൂടാതെ മേൽപ്പടി സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന ഒരു പൊതു അധികാര സ്ഥാനമാണെന്ന് സ്ഥാപിക്കുന്ന യാതൊന്നും കമ്മീഷൻ മുമ്പാകെ ഹാജരാക്കുവാൻ പരാതി ഹർജിക്കാരിക്ക് കഴിഞ്ഞിട്ടുമില്ല. ആയതിനാൽ കേരള സംസ്ഥാന ശിശുക്ഷേമസമിതി എന്ന സ്ഥാപനം വിവരാവകാശ നിയമം 2005-ലെ സെക്ഷൻ 2(എച്ച്)-ൽ പ്രതിപാദിച്ചിട്ടുള്ള പൊതു അധികാര സ്ഥാപനമല്ലെന്നതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി ഈ പരാതി ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 20-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ഹിയറിംഗ് വേളയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് പ്രകാരം സി.പി.1121(6)/2015/എസ്.ഐ.സി. നമ്പർ ഹർജിയിന്മേൽ കമ്മീഷൻ പുറപ്പെടുവിച്ച 6.12.2019-ലെ ഉത്തരവിന്റെ പകർപ്പ് ഈ ഉത്തരവിനോടൊപ്പം കമ്മീഷൻ സെക്രട്ടറി ഹർജിക്കാരിക്ക് അയച്ചു കൊടുക്കേണ്ടതാണ്.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

bnk